അഭിമുഖം

●

**സിയാഉദ്ദീൻ സർദാർ / ബക്ഷ് കലന്ദർ മേമൻ**

# C k emw, t I mf \nhX I cWw, { ] Xntcm [ w


**ഈസ്റ്റ് ലണ്ടനിലെ കുട്ടിക്കാലത്ത് നേരിടേണ്ടി വന്ന വംശീയ അധിക്ഷേപങ്ങളെക്കുറിച്ച താങ്കളുടെ ഓർമകൾ അവസാനം പുറത്തിറങ്ങിയ 'ബാൾട്ടി ബ്രിട്ടനി'ലുണ്ട്. യുവത്വത്തിൽ അനുഭവിച്ച വംശീയതയുടെ പ്രവർത്തന ഊർജത്തെ താങ്കൾക്ക് വിശദീകരിക്കാനാകുമോ? പുതിയ കാലത്ത് വംശീയത എങ്ങനെയാണ് പ്രവർത്തിക്കുന്നത്? ഏതെങ്കിലും തരത്തിലുള്ള ഒരു മാറ്റം ഇക്കാലത്തുണ്ടായിട്ടുണ്ടോ?**

കുട്ടിക്കാലത്തെ വംശീയത പ്രകടവും വ്യക്തവുമായിരുന്നു. മുഖ്യമായും തൊലിയുടെ നിറത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. വീടുകൾക്ക് പുറത്ത് വെച്ചിരുന്ന 'വിൽപനക്ക്' ബോർഡുകൾ അന്നത്തെ മനോഭാവത്തിന്റെ പ്രതിഫലനങ്ങളാണ് – 'കറുത്തവർക്കും ഐറിഷുകാർക്കും പട്ടികൾക്കും നൽകില്ല.' നിങ്ങളുമായുള്ള കൂടിക്കാഴ്ച ഒഴിവാക്കാൻ ജനങ്ങൾ റോഡ് മുറിച്ച് കടക്കുന്നു. സ്കൂളിൽ നിന്ന് വരുന്ന വഴി വംശീയ ഭ്രാന്തന്മാരുടെയും അതിക്രമികളുടെയും തൊഴിക്കലിനും ഉപദ്രവത്തിനും സ്ഥിരം ഇരയായിരുന്നു ഞാൻ. കാലക്രമേണ എല്ലാ ഏഷ്യക്കാരും 'പാക്കി'കളും, 'പാക്കി മർദനം' അവരുടെ ഇഷ്ട കായികവിനോദവുമായി.

1960കളിലെയും '70കളിലെയും സാമ്പത്തിക മാന്ദ്യകാലം ഫാഷിസ്റ്റ് പ്രസ്ഥാനങ്ങളുടെ ഉദയത്തിന് സാക്ഷിയായി. അതുപോലെ Southhall Youth Movement പോലെയുള്ള യുവജനപ്രസ്ഥാനങ്ങളുടെയും. പോലീസിന്റെയും ജനങ്ങളുടെയും ഭാഗത്ത് നിന്നുള്ള രണ്ട് തരം വംശീയ ഘടനകളാണ് പ്രബലമായുണ്ടായിരുന്നത്. പോലീസ് അനീതിയുടെ പലതരത്തിലുള്ള കേസുകളും കൊലപാതകങ്ങളും ബർമിംഗ്ഹാം, ബ്രാഡ്ഫോർഡ്, ബ്രിക്സ്ടൺ തുടങ്ങിയ സ്ഥലങ്ങളിൽ നിരവധി കലാപങ്ങൾക്ക് വഴി തെളിയിച്ചു.

പൊതുവായി ചാർത്തപ്പെട്ട കറുത്തവരെന്ന മുദ്ര 1980കളിൽ പിൻവലിഞ്ഞു തുടങ്ങി. 1989ലെ റുഷ്ദി സംഭവത്തിന് ശേഷം വംശീയതക്ക് മതപരവും സാംസ്കാരികവുമായ വ്യത്യസ്ത മാനങ്ങൾ കൈവന്നു. മുസ്‌ലിംകളായി പുതിയ ബലിയാടുകൾ. ഇതിനുപരി ദേശാഭിമാനത്തിലധിഷ്ഠിതമായ വംശീയതയും ഇക്കാലത്ത് രംഗത്ത് വന്നു, Norman Tebbitന്റെ കുപ്രസിദ്ധ 'ക്രിക്കറ്റ് ടെസ്റ്റ്' പരാമർശം അക്കാലത്തെ സമൂഹിക അവസ്ഥയെ വ്യക്തമായി സൂചിപ്പിക്കുന്നു.

'കുടിയേറ്റ'ക്കാരുടെയും 'വഞ്ചകരായ അഭയാർഥി'കളുടെയും കുറ്റകരമായ ഭാഷ എപ്പോഴെങ്കിലും രാജ്യസ്നേഹവുമായി ഇടഞ്ഞാൽ ന്യൂനപക്ഷങ്ങളെ രാജ്യദ്രോഹികളായ കടന്നുകയറ്റക്കാരായി മുദ്രകുത്തി എളുപ്പം അക്രമിക്കുന്നു. രാഷ്ട്രം, രാഷ്ട്രത്തിലെ ജീവിത രീതികൾ തുടങ്ങിയവയുടെ രൂപകങ്ങൾ നിർമിക്കപ്പെടുന്നത് പ്രധാനമായും പൊതുപാരമ്പര്യം, ഭാ



**സിയാഉദ്ദീൻ സർദാർ:** എഴുത്തുകാരൻ, പ്രക്ഷേപകൻ, സാംസ്കാരിക വിമർശകൻ. ലണ്ടനിലെ സ്കൂൾ ഓഫ് ആർട്ട്സിൽ വിസിറ്റിംഗ് പ്രൊഫസർ. 'Critical Polymath' എന്നാണദ്ദേഹം സ്വയം വിശേഷിപ്പിക്കുന്നത്. ഇസ്‌ലാമിക പഠനങ്ങൾ, ഭാവിപഠനങ്ങൾ(Future studies), ഇസ്‌ലാമിക ശാസ്ത്രം, സാഹിത്യവിമർശനം, വിവരസാങ്കേതിക ശാസ്ത്രം എന്നീ മേഖകളിലും അദ്ദേഹത്തിന്റെ സംഭാവന വ്യാപിച്ച് കിടക്കുന്നു.

വിവിധ വിഷയങ്ങളിലായി 45 ഓളം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ഇസ്‌ലാമിക ഭാവിപഠനങ്ങളുമായി ബന്ധപ്പെട്ട *The Future of Muslim Civilisation* (1979), *Islamic Futures: The Shape of Ideas to Come* (1985), ഇസ്‌ലാമിക സമൂഹത്തിൽ ശാസ്ത്രത്തെ സംബന്ധിച്ച പുതിയ കാഴ്ചപ്പാടുകൾക്ക് വഴി തെളിയിച്ച *Technology and Development in the Muslim World* (1977), *The Touch of Midas: Science, Values and the Environment in Islam and the West*(1982), *The Revenge of Athena: Science, Exploitation and the Third World*- (1988) *Explorations in Islamic Science*(1989), ഉത്തരാധുനികതയെ വിമർശനാത്മകമായി സമീപിച്ചുകൊണ്ടുള്ള *Postmodernism and the Other* (1998), അന്താരാഷ്ട്ര പുസ്തക വിപണിയിൽ ശ്രദ്ധേയമായ *Why Do People Hate America?* (2002), രണ്ട് ഭാഗങ്ങളിലുള്ള ആത്മകഥാംശമടങ്ങിയ *Desperately Seeking Paradise: Journeys of a Sceptical Muslim* (2004) *Balti Britain: A Provocative Journey Through Asian Britain* (2008), ലേഖനങ്ങളുടെ സമാഹാരമായ *Islam, Postmodernism and Other Futures: A Ziauddin Sardar Reader* (2003), *How Do You Know?: Reading Ziauddin Sardar on Islam, Science and Cultural Relations* (2006) എന്നിവയാണ് പ്രധാന പുസ്തകങ്ങൾ. നേയ്ക്കിഡ് പഞ്ച് മാഗസിന്റെ ഏറ്റവും പുതിയ ലക്കത്തിൽ ബക്ഷ് കലന്ദർ മേമനുമായി(Bux Qalandar Memon) നടത്തിയ അഭിമുഖമാണിത്.

ഷ, ആചാരങ്ങൾ, ബന്ധുത്വം തുടങ്ങിയവയിലാണ്. ഇങ്ങനെ മുഴുവൻ കറുത്തവരും ഏഷ്യക്കാരും വിദേശികളായി അപരവത്കരിക്കപ്പെടുന്നു. രൂപമാറ്റം സംഭവിച്ച ഈ വംശീയതയുടെ വേരുകളുള്ളത് ലിബറൽ സെക്കുലരിസത്തിലാണ്. സെക്കുലരിസത്തിന്റെ അനുശാസനകൾക്കനുസരിച്ച് സംസ്കാരവും പാരമ്പര്യവും സമീകരിച്ചില്ലെങ്കിൽ, അതായത് അടിസ്ഥാനപരമായിതന്നെ യൂറോപ്യൻ ലിബറൽ മൂല്യങ്ങളോടും പൊതുസമ്മതങ്ങളോടും കലഹിക്കുന്ന, എളുപ്പത്തിൽ മാറ്റങ്ങൾക്ക് വിധേയമല്ലാത്ത, പൂർണാർഥത്തിൽ വൈദേശികമായ ഏഷ്യൻ മുസ്ലിംകളുടെ ഗ്രാമീണ പാരമ്പര്യത്തെ ശത്രുപക്ഷത്ത് നിർത്തുന്നു. എന്റെ അഭിപ്രായത്തിൽ എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുന്ന തീവ്രദേശീയവാദികളെയും യാഥാസ്ഥിതികരെയും പോലെ മുരടന്മാരായ ഈ ലിബറലുകളും വംശീയതയിലേക്കാണ് ചെന്നടുക്കുന്നത്.

ഇക്കാരണങ്ങളാൽ ബ്രിട്ടനിലെ വംശീയതയുടെ പരിധികൾ വിശാലവും വിപുലവുമായിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി യുവാവായിരുന്ന കാലത്തേക്കാൾ വംശീയത കുറഞ്ഞ ഒരു സമൂഹമായിട്ടാണ് ബ്രിട്ടൻ കരുതപ്പെടുന്നത്. മുസ്ലിംകൾക്കെതിരെ തുറന്ന വംശീയതയെ മാറ്റി നിർത്തിയാൽ പഴയ വംശീയപ്രകടനങ്ങൾ അതിസൂക്ഷ്മവും സങ്കീർണവുമായ രൂപങ്ങളിൽ രക്ഷാകർതൃമനോഭാവത്തിലും നോട്ടങ്ങളിലും സമ്മതങ്ങളിലും അണിയറയിലുണ്ട്.

***പോസ്റ്റ്-മോഡേണിസം ആന്റ് അദർ* എന്ന നിങ്ങളുടെ പുസ്തകത്തിൽ മൂന്നാം ലോകരാജ്യങ്ങളിലെ ജീവിതങ്ങൾക്കും അറിവിനും സംഭവിക്കുന്ന ശക്തിശോഷണത്തെപ്പറ്റി സൂചിപ്പിക്കുന്നു. ഉത്തരാധുനികതയെയാണ് നിങ്ങൾ പ്രതിക്കൂട്ടിൽ നിർത്തുന്നത്. ബഹുസാംസ്കാരികതയെ പ്രോത്സാഹിപ്പിക്കുകയല്ലേ ഉത്തരാധുനികത ചെയ്യുന്നത്? അതിനാൽ നിങ്ങളുടെ വാദം വിചിത്രമായി തോന്നുന്നു. പ്രത്യയശാസ്ത്രം എന്ന നിലയിലും മൂന്നാം ലോകരാജ്യങ്ങളിൽ നടത്തുന്ന അധിനിവേശ/ കോളനീകരണ പ്രക്രിയയുടെ തുടർച്ച എന്ന നിലയിലും ഉത്തരാധുനികതക്കുള്ള ബന്ധം താങ്കൾക്ക് വിശദീകരിക്കാമോ?**

പാശ്ചാത്യേതര രാജ്യങ്ങൾക്ക് ഉത്തരാധുനികത കൊളോണിയലിസത്തിന്റെയും ആധുനികതയുടെയും മൂർദ്ധാവിൽ ചവിട്ടി നിൽക്കുന്ന പുതിയ ആധിപത്യ തരംഗമാണ്. 'ആൾട്ടെറിറ്റി' അഥവാ അപരത്വം ('അപരം', പാശ്ചാത്യേതരർ തുടങ്ങിയ 'പരുഷ'മായ വാക്കുകളെ മയപ്പെടുത്താൻ ഉപയോഗിക്കുന്ന പദങ്ങളിലൊന്നാണിത്) ഉത്തരാധുനിക പദാവലിയിലെ കേന്ദ്രപദമാണ്.

ഉത്തരാധുനിക ആപേക്ഷികവാദം(relativism) 'അപരനെ' പുണരുന്നു, പാശ്ചാത്യേതര സംസ്കാരങ്ങൾക്കും സമൂഹങ്ങൾക്കും പ്രാതിനിധ്യം നൽകുന്നതിനു പകരം അതിനെ അപരത്വമായി നിലനിർത്തുന്നു. പാശ്ചാത്യം, പാശ്ചാത്യേതരർ എന്ന വ്യത്യാസത്തിലൂന്നി കാര്യങ്ങളെ കാണുമ്പോൾ പാശ്ചാത്യേതരരുടെ കർതൃത്വത്തിന്റെ ലോകസാന്നിദ്ധ്യത്തെ 'അപരത്വം' എന്ന വിശകലന ശൈലി ഇല്ലായ്മ ചെയ്യുന്നു. ഇങ്ങനെ ഉത്തരാധുനികത പാശ്ചാത്യേതര സമൂഹങ്ങൾക്ക് അപരത്വം നൽകുക വഴി അവർ ഉന്നയിക്കുന്ന രാഷ്ട്രീയപരവും നൈതികവുമായ ചോദ്യങ്ങളെ മൂടിവെക്കുന്നു. എല്ലാം ആപേക്ഷികമാണ് എന്ന് പറയുമ്പോൾ അടിസ്ഥാനപരമായി സംഭവിക്കുന്നത് നേരത്തെയുള്ള ആധിപത്യത്തെ നിലനിർത്തുന്നു എന്നത് തന്നെയാണ്. എല്ലാം ആപേക്ഷികമാണെന്ന(relative) ഉത്തരാധുനിക സിദ്ധാന്തത്തിന്റെ വിജയമാണ് ഇത് തെളിയിക്കുന്നത്. അപരത്വത്തെ വാഴ്ത്തുന്ന ഉത്തരാധുനികതയുടെ ക്ലാസിക് വിരോധാഭാസമായി ഇത് മാറുന്നു. ഒടുവിലെങ്കിലും അരികുവത്കരിക്കപ്പെട്ടവരോടും ആത്മാഭിമാനം നഷ്ടപ്പെട്ടവരോടും നീതിചെയ്യുന്നതിന് പകരം അപരം എന്ന കാറ്റഗറിയെ തന്നെ അപ്രധാനവും അതുവഴി അർഥമില്ലാത്തതുമാക്കിത്തീർക്കുകയാണ് ഉത്തരാധുനികത; യഥാർഥത്തിൽ ഒരു സ്വത്വം അതിൽ ഉൾച്ചേർന്നിട്ടുണ്ടെങ്കിലും. ഇപ്പോൾ നമ്മളെല്ലാവരും അപരന്മാരാണ്. ജനാധിപത്യപ്രക്രിയയിൽ അപരരെ പങ്കാളിയാക്കുന്നുണ്ട്, അവരുടെ കരകൗശല വസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്നുണ്ട്. ഇത്രയൊക്കെ ചെയ്യുമ്പോൾ അവരെന്തിനാണ് ഭാവിയിൽ വ്യത്യസ്തമായ, തങ്ങൾക്ക് മാത്രമായൊന്ന് ആഗ്രഹിക്കുന്നത്? ഉത്തരാധുനികത ഇങ്ങനെ ആധുനികതയിൽനിന്നും കോളനിവത്കരണത്തിൽ നിന്നും ഒരുപാട് കാതം മുന്നേറിയിരിക്കുന്നു. പശ്ചാത്യേതര സമൂഹങ്ങൾക്കു മേലുള്ള പ്രത്യക്ഷ അധിനിവേശമാണ് കോളനിവത്കരണം. ആധുനികതാ വർത്തമാനത്തെ കുടിയൊഴിപ്പിച്ച് പശ്ചാത്യേതര സംസ്കാരങ്ങളുടെ മനസ്സിനകത്ത് അധിനിവേശം നടത്തുന്നു. ഉത്തരാധുനികത പശ്ചാത്യേതര സമൂഹങ്ങളുടെ ചരിത്രത്തെയും സ്വത്വത്തെയും ഉപയോഗിച്ചുകൊണ്ട് അവരുടെ ഭാവിയെ കോളനിയാക്കുകയും ജീവിതങ്ങളിലേക്ക് അധിനിവേശം നടത്തുകയും ചെയ്യുന്നു.

ഇതിലധികം വൈരുദ്ധ്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരിക ഉത്തരാധുനികതയുടെ മൂന്നാം ലോക ചാമ്പ്യന്മാരെയും മൂന്നാം ലോക ഉത്തരാധുനികതകളുടെ വലിയ നിരയെയും സമീപിക്കുമ്പോഴാണ്. വികസ്വര രാജ്യങ്ങളിലേക്ക് ഒന്നാം ലോക രാജ്യങ്ങളിൽ നിന്നുള്ള, ഉപയോഗത്തിലില്ലാത്തതും പഴകിയതുമായ ചരക്കുകളും, ഉപയോഗ ശൂന്യവും അപ്രധാനവുമായ സാങ്കേതിക വിദ്യയും, വിലയേറിയതും നിരോധിക്കപ്പെട്ടതുമായ മരുന്നുകളും കയറ്റിയയച്ച് മൂന്നാം ലോകരാജ്യങ്ങളിലെ വിപണിയിൽ ലാഭകരമായ ഒരു രണ്ടാം ജന്മം ഈ ഉൽപന്നങ്ങൾക്ക് ലഭിക്കുന്നതുപോലെയാണ് മൂന്നാംലോക ഉത്തരാധുനികത എന്ന ആശയം, അഥവാ ഒരു കൊളോണിയൽ/ നവകൊളോണിയൽ ആശ്രിതത്വം. ആധുനികതയുടെ ചിത്തഭ്രമം പിടിപെട്ട അറുപതുകളിലെയും എഴുപതുകളിലെയും പോലെ ഉത്തരാധുനികതയും വർദ്ധിത താൽപര്യത്തോടെയും, ഭാഗികമായെങ്കിലും വിമർശനരഹിതമായുമാണ് ആശ്ലേഷിക്കപ്പെടുന്നത്.ചില സമയങ്ങളിൽ ഒരൽപം മടിയോടെയും വിമർശനാത്മകമായും ഭാഗികമായ പ്രതിരോധത്തോടെയും സ്വീകരിക്കാനുള്ള ശ്രമങ്ങളുമുണ്ട്. ആധുനിക ഇന്ത്യൻ പോപ്പ് സംഗീതവും മലായ് റോക് സംഗീതവും തായ്ലാന്റിലെ സൊങ്ച്ചോ(Somtow)വിനെ പോലുള്ള ഉത്തരാധുനിക എഴുത്തുകാരുടെ രചനകളും ഉത്തരാധുനികതയെ പൂർണമനസ്സോടെ ആഘോഷിക്കുകയാണ്. എന്നാൽ ദക്ഷിണാഫ്രിക്കയിലെ ചെറുനഗരങ്ങളിലെ ജനപ്രിയമായ ജൈവ്(Jive) മ്യൂസിക്കും ഫിലിപ്പൈൻസിലെ ആർട്ട് ഹൗസ് സിനിമകളും കൊളംബിയൻ ചേരികളിലെ അരാജക റോക് സംസ്കാരവും ഉത്തരാധുനികതയോട് കൂടുതൽ വിമർശനാത്മകമായ നിലപാടുകൾ സ്വീകരിക്കുന്നു. ആധിപത്യ ഭാഷയായ ഇംഗ്ലീഷിനെ തിരസ്കരിച്ച് സ്വന്തം ഗോത്ര ഭാഷയായ കികുയൂവി(Kikuyu)ൽ തന്നെ നോവലെഴുതാനുള്ള കെനിയൻ നോവലിസ്റ്റ് ങ് ഗുഗീ വാ തിയോങ്ഗോ (Ngugi wa thiongo)ന്റെ തീരുമാനവും ഗ്വാട്ടി

മാലയിലെ ഇന്ത്യൻ പ്രതിരോധത്തെ സാക്ഷ്യപ്പെടുത്തിയ റിഗോബെർതോ മെഞ്ചു (Rigoberta Menchu)വിന്റെ ഞെട്ടലുളവാക്കുന്ന ആഖ്യാനം 'ഞാൻ റിഗോബെർതോ മെഞ്ചു'(I, Rigoberta Mench)വും ഉത്തരാധുനികതയെ പ്രതിരോധത്തിന്റെ സംസ്കാരമാക്കി മാറ്റുന്നുണ്ട്. മൂന്നാം ലോക സംസ്കാരങ്ങളെപ്പോലെ തന്നെ വിഭിന്നങ്ങളാണ് മൂന്നാം ലോക ഉത്തരാധുനികതകളും. ലാറ്റിനമേരിക്കയിൽ പരീക്ഷിക്കപ്പെട്ടതു പോലെ മൂന്നാം ലോക രാജ്യങ്ങളിൽ ഒരിടത്തും ഉത്തരാധുനികത പരീക്ഷിക്കപ്പെട്ടിട്ടില്ല. റീഗന്റെ ഭരണകാലത്ത് ഒരു വലതുപക്ഷ ഉത്തരാധുനികത ലാറ്റിനമേരിക്കയിലെമ്പാടും തഴച്ചു വളർന്നിരുന്നു. പെറുവിൽ ഫിജിമോറിയുടെയും മരിയോ വാർഗാസ് യോസയുടെയും പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തെരഞ്ഞടുപ്പ് പ്രചാരണ പരിപാടികളും അർജന്റീനയിൽ കാർലോസ് മെനമിനും ബ്രസീലിൽ ഫെർണാണ്ടോ കോറിനും ലഭിച്ച മാധ്യമ ജനകീയതയും നോർത്ത് അമേരിക്കൻ സ്വതന്ത്ര വ്യാപാര കരാറിലേക്കുള്ള മെക്സിക്കോയുടെ മാറ്റവും ഈ മേഖലകളിലെ സങ്കീർണ രാഷ്ട്രീയവും ഭീകരതയുടെയും മയക്കുമരുന്ന് വ്യാപാരത്തിന്റെ സമ്പദ്ശാസ്ത്രവും ഈ വലതുപക്ഷ ഉത്തരാധുനികതയുടെ ഉച്ചസ്ഥായികളാണ്. ഇത്തരം സംഭവവികാസങ്ങളാണ് മെക്സിക്കൻ കവിയും നോബൽ ജേതാവുമായ ഒക്ടോവിയോ പാസിനെക്കൊണ്ട് ഉത്തരാധുനികത ലാറ്റിനമേരിക്കക്ക് യോജിക്കാത്ത മറ്റൊരു ഇറക്കുമതി പദ്ധതിയാണെന്ന് പറയിപ്പിച്ചത്.

എന്നാൽ ദക്ഷിണ അമേരിക്കയിലെ ഇടതുപക്ഷം തങ്ങളുടെ പരിക്ഷീണവും അപമാനിതവുമായ രാഷ്ട്രീയ അജണ്ടകളെ പുതുക്കിപ്പണിയാനുള്ള പ്രധാനപ്പെട്ട മാർഗമായാണ് ഉത്തരാധുനിക പദ്ധതികളെ കാണുന്നത്. അങ്ങനെ വലതുപക്ഷത്തിന്റെ നേട്ടങ്ങളെ വെല്ലുവിളിക്കുന്ന അതിജീവനത്തിന്റെ മൂല്യങ്ങളിൽ (Ethics of Survival) ഊന്നിയ ഒരു ഇടതുപക്ഷ ഉത്തരാധുനികത ഉയർന്നു വന്നു. ഇത്തരം ഉത്തരാധുനികതയുടെ ഏറ്റവും വലിയ വിജയികൾ നിക്വരാഗ്വയിലെ സാൻഡിനിസ്റ്റാസാണ്. പരാജയത്തിന് ശേഷം ഉത്തരാധുനിക നയങ്ങളും പരിപാടികളും വലിയൊരളവിൽ സ്വീകരിക്കുമ്പോഴും വിശാലമായ സോഷ്യലിസ്റ്റ് അജണ്ടകളെ നിലനിർത്താൻ അവർ ശ്രമിച്ചിരുന്നു.

പോസ്റ്റ് മോഡേണിസത്തിനെതിരെയുള്ള എന്റെ പ്രധാന വിമർശനം, ബൃഹദാഖ്യാനങ്ങളെ ഇല്ലായ്മ ചെയ്യുമ്പോൾ തന്നെ ലിബറൽ സെക്കുലരിസത്തിന്റെ ബൃഹദാഖ്യാനങ്ങൾക്ക് വിശേഷാവകാശങ്ങൾ വകവെച്ച് കൊടുക്കുന്നുണ്ടെന്നതാണ്. സത്യത്തിൽ ലിബറൽ സെക്കുലരിസത്തിന്റെ കുടക്കീഴിലാണ് ഉത്തരാധുനികതയും അതിന്റെ മാർഗനിർദേശക തത്വങ്ങളും തഴച്ചു വളർന്നത്. വിമോചനത്തിന്റെ മുഴുവൻ കുത്തകാവകാശമുള്ള ദർശനപദ്ധതിയായി അത് നടിക്കുന്നു. ഉത്തരാധുനികത പുകഴ്ത്തുന്ന ബഹുസ്വരത എന്നത് ഒരു കെട്ടുകാഴ്ചയാണ്. അരികുവത്കരിച്ചവർക്ക് അധികാരം നൽകുന്നതിന് പകരം അവരുടെ സാംസ്കാരിക ഉപഭോഗസംസ്കാരത്തെയാണ് ബഹുസ്വരത പ്രോത്സാഹിപ്പിക്കുന്നത്. ഉത്തരാധുനികത അവകാശപ്പെടുന്നതു പോലെ ശബ്ദമില്ലാത്തവരുടെ ശബ്ദമാവുകയല്ല, മറിച്ച് ശബ്ദം നഷ്ടപ്പെട്ടവർക്ക് വേണ്ടി സംസാരിക്കുക മാത്രമാണ് ചെയ്യുന്നത്. ഫലശൂന്യവും കാപട്യം നിറഞ്ഞതുമായ തെരഞ്ഞെടുപ്പാണിത്: നമുക്ക് വ്യത്യസ്തമായി തെരഞ്ഞെടുക്കുന്നവരായിത്തീരാൻ കഴിഞ്ഞേക്കാം, എന്നാൽ പാവപ്പെട്ടവർക്കും സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ടവർക്കും തീർച്ചയായും ഇതിന് കഴിയില്ല- തെരഞ്ഞെടുക്കാൻ കഴിയണമെങ്കിൽ അധികാരവും പ്രാതിനിധ്യവും വേണം.

സത്യത്തെയും യഥാർഥ്യത്തെയും ആധികാരികമായി തങ്ങളുടെ കാഴ്ചകളിലൂടെ നിർവചിച്ച പടിഞ്ഞാറൻ ചിന്തയുടെയും ഫിലോസഫിയുടെയും ഉൽപന്നം എന്നതല്ലാതെ മറ്റൊരു സവിശേഷതയും ഉത്തരാധുനികതക്കില്ല. സത്യത്തെയും യഥാർഥ്യത്തെയും കുറിച്ച എല്ലാ മാനദണ്ഡങ്ങളെയും തകർത്തുകളഞ്ഞു കൊണ്ടല്ലാതെ ഈയൊരു ആധിപത്യത്തെയും അതിന്റെ വ്യാപനത്തിന്റെ ഭ്രമണപഥത്തെയും തടസ്സമില്ലാതെ തുടരുവാനും ഈ നിലപാടുകളുമായി മുന്നോട്ടു പോകുവാനും അവർക്ക് സാധ്യമല്ല. കൊളോണിയലിസത്തിനും ആധുനികതക്കും സർവവ്യാപിയായി പാശ്ചാത്യേതര സംസ്കാരങ്ങളെ കീഴ്പെടുത്താനും അധീശപ്പെടുത്താനുമുള്ള പ്രത്യയശാസ്ത്രപരമായ നിഗൂഢ പദ്ധതിയാണ് ഉത്തരാധുനികത. ഉപഭോഗത്തിലൂടെ അഥവാ പശ്ചാത്യേതര സംസ്കാരങ്ങളുടെ ഉപഭോഗത്തിലൂടെ അർഥം കണ്ടെത്താനുള്ള പടിഞ്ഞാറിന്റെ നിരന്തരദാഹമാണ് ഈ ബൗദ്ധിക ആൾമാറാട്ടത്തിന്റെ കവാത്ത് ലക്ഷ്യം വെക്കുന്നത്.

ചുരുക്കത്തിൽ എനിക്ക് ഉത്തരാധുനികത പദ്ധതി നശീകരണശേഷിയുള്ള ഒന്നുമാത്രമാണ്. ഉപഗ്രഹ ചാനലുകളുടെയും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെയും നമ്മുടെ കാലം തെരഞ്ഞെടുപ്പുകളുടെ സമൃദ്ധിയുടെ കാലമാണെന്നാണ് വെപ്പ്. ഒരു ചാനലിൽ നിന്ന് മറ്റൊരു ചാനലിലേക്ക് പ്രതീക്ഷകളോടെ നാം ചാടിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ആരും ഒന്നും കാണാതിരിക്കാനുള്ള തെരഞ്ഞെടുപ്പിലാണ് അവസാനിപ്പിക്കുന്നത്. ഉത്തരാധുനികതയുടെ നിലനിൽപിന്റെയും, അതിജീവനത്തിന്റെയും, ജീവിതത്തിന്റെ അർഥത്തിന്റെയും, പ്രപഞ്ചത്തിന്റെയും എല്ലാത്തിന്റെയും ന്യായം നമ്മളെല്ലാവരും ആഗ്രഹിക്കുന്ന ഈ ചാഞ്ചാട്ടത്തിന്റെ കലയിലാണ് ബന്ധിതമായിരിക്കുന്നത്. അതുകൊണ്ട് ഞാൻ ചിന്തിക്കുന്നത് ഉത്താരാധുനികത ഒരു നിഷ്ഫലമായ പദ്ധതിയാണെന്നാണ്. ശൂന്യതയിൽ നിന്നാണതാരംഭിച്ചത്. ഉത്തരാധുനിക ലോകവീക്ഷണത്തിന്റെ ആന്തരിക ശൂന്യതയുടെ പ്രതിധ്വനികൾ മാത്രമാണ് നാമിപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്.

**താങ്കളുടെ രചനകളിൽ ഇഖ്ബാലിന്റെ സ്വാധീനമെന്താണ്? എങ്ങനെയാണ് ഇഖ്ബാൽ താങ്കളെ നിരന്തരം പ്രചോദിപ്പിക്കുന്നത്? ഉദാഹരണത്തിന് താങ്കൾ ഉദ്ധരിച്ച ഇഖ്ബാലിന്റെ കവിത:**

***"അനശ്വരമായ ജീവിതമാണ് നീയാഗ്രഹിക്കുന്നതെങ്കിൽ***
***ഭൂതവും വിദൂര ഭാവിയും***
***തമ്മിലുള്ള നൂലിഴ നീ മുറിക്കാതിരിക്കുക"***

**പാരമ്പര്യങ്ങളെ വലിച്ചെറിയുകയല്ല, പുനഃരാവിഷ്കരിക്കുകയാണ് വേണ്ടതെന്ന് താങ്കൾ നിർദേശിക്കുന്നു. ഇപ്പോൾ പടിഞ്ഞാറ് താമസിക്കുന്ന പാശ്ചാത്യേതരർക്ക്, ഉദാഹരണത്തിന് യൂറോപ്പിലുള്ള മുസ്‌ലിംകൾക്ക് എങ്ങനെയാണ് പാരമ്പര്യം ഉപയോഗപ്പെടുക?**

ഞാൻ ഇഖ്ബാലിൽ നിമഗ്നനാണ്, പ്രോത്സാഹനത്തിന്റെയും പ്രചോദനത്തിന്റെയും ഉറവിടമായി. പാരമ്പര്യത്തിന്റെയും ഭാവിയുടെയും ചിന്തകനായിട്ടാണ് എനിക്കദ്ദേഹം അനുഭവപ്പെടുന്നത്. നിങ്ങളിൽ നിന്ന് നിങ്ങളുടെ ഭൂതകാലത്തെ, പാരമ്പര്യങ്ങളെ, ഓർമകളെ മുറിച്ചുമാറ്റുന്നത് വിവേകപൂർണമായ തീരുമാനമല്ല. ഓർമകളില്ലാത്ത, ഭൂതമില്ലാത്ത ഭാവി ഭാവിയേയല്ല. ആരേയും അസൂയപ്പെ

ടുത്തുന്ന വിധത്തിൽ പാരമ്പര്യത്തിന്റെ സംരക്ഷകരാവാൻ അദ്ദേഹം നമ്മെ ഓർമിപ്പിക്കുന്നു. പക്ഷേ അദ്ദേഹത്തിന്റെ 'The Reconstruction of Religious Thought in Islam' എന്ന പുസ്തകത്തിൽ സൂചിപ്പിക്കുന്നത് പോലെ പാരമ്പര്യങ്ങളെ കാലാനുസൃതമായി പുനരാലോചനക്കും പുനരാവിഷ്കാരത്തിനും വിധേയമാക്കണം. സത്യത്തിൽ പാരമ്പര്യങ്ങൾ പാരമ്പര്യങ്ങളായി നിലനിൽക്കുന്നത് പുനരാവിഷ്കാരങ്ങളിലൂടെയാണ്, അതല്ലെങ്കിൽ അവ ജീർണിച്ച ജീവിതത്തെ ഞെരുക്കുന്ന ആചാരങ്ങൾ മാത്രമായിത്തീരും.

ഘനീഭവിച്ച, നിഷ്ക്രിയമായ പാരമ്പര്യവാദവും ആചാരബന്ധിതമായ ഹിംസാത്മക പാരമ്പര്യവാദവും എളുപ്പത്തിൽ ആധുനികതയുടെ ഇരയാകുന്നു. മറ്റു തരത്തിൽ പറഞ്ഞാൽ ആധുനികത കീഴ്പ്പെടുത്തിക്കൊണ്ടും ഉത്തരാധുനികത കൈകോർത്തുപിടിച്ചും നിഷ്ക്രിയത്വത്തെയും ഹിംസാത്മകതയെയും ലക്ഷ്യം നേടുന്നതിന് ഉപയോഗിക്കുന്നു. ചിന്താരഹിതവും യാഥാർഥ്യബോധത്തോടെയുമല്ലാത്ത പ്രതികരണങ്ങളിൽ കുറ്റം മുഴുവൻ പാശ്ചാത്യലോകത്തിനുമേൽ ചാർത്തുകയും പരിഹാരത്തിനായി പാശ്ചാത്യ ഉപകരണങ്ങളും(tools) യുക്തിയും ഉപയോഗിക്കുകയും ചെയ്യുന്നു. കൂടുതൽ കെണികളിൽ നമ്മെ പെടുത്താനേ ഇത് ഉപകരിക്കുകയുള്ളൂ. നാം ജീവിക്കുന്ന പാരമ്പര്യത്തിൽ അതിജീവനത്തിനുള്ള ഒരേയൊരു വഴി സ്വത്വങ്ങളെയും വ്യതിരിക്തമായ തങ്ങളുടെ ആദർശങ്ങളെയും ധാർമികതയെയും വീണ്ടെടുക്കുകയും നിലനിൽപ്പിന്റെ ഉദ്ദേശ്യത്തെ തിരിച്ചറിയുകയും ചെയ്യുക എന്നതാണ്, “നിഷ്ക്രിയമായ പാരമ്പര്യത്തിന്റെ നിസ്സാരതയിലും ആചാരബന്ധിതമായ ഹിംസാത്മകയുടെ വ്യർഥമായ കെണികളിലും പെട്ടുപോകരുത്”- ഇഖ്ബാൽ നമ്മെ ഓർമിപ്പിക്കുന്നു. ആത്മബോധത്തോടെ ജീവിക്കുക, ക്രിയാത്മകമായി ചിന്തിക്കുക, നിരന്തരമായി പുനഃരാവിഷ്കാരങ്ങൾക്ക് തയാറാകുക. പടിഞ്ഞാറിന്റെ നിരർഥകമായ ലോകത്തെക്കുറിച്ച കാഴ്ചപ്പാടിനെ മറികടക്കാൻ ഇങ്ങനെയേ കഴിയൂ. ബുദ്ധിമുട്ടേറിയതും സങ്കീർണവുമായ പ്രവർത്തനമാണിത്. പക്ഷേ, പ്രകാശപൂർണമായ ഭാവിക്ക് ഇതേ വഴിയുള്ളൂ.

ഏതൊരു സംസ്കാരത്തിനും അതിന്റെ പാരമ്പര്യരൂപങ്ങൾക്കും ലോകത്തെ നോക്കിക്കാണുന്ന വ്യതിരിക്തമായ ആദർശ ധാർമികതകൾ ഉണ്ടാകും. സമകാലിക ചോദ്യങ്ങളോടും പ്രശ്നങ്ങളോടും തെരഞ്ഞെടുപ്പുകളോടും നിലപാടുകളോടും ക്രിയാത്മകമായി പ്രതികരിക്കുമ്പോൾ മാത്രമേ ഈ ധാർമിക കാഴ്ചപാടുകളുടെ ആവിഷ്കാരങ്ങളും ആശയവിനിമയങ്ങളും ജീവസ്സുറ്റതാണെന്ന് പറയാൻ കഴിയുകയുള്ളൂ. പ്രത്യക്ഷരൂപങ്ങൾ കൊണ്ടുമാത്രം ഒന്നും പാരമ്പര്യങ്ങളാണെന്ന് പറയാൻ കഴിയുകയില്ല. ആത്മസാഫല്യത്തിന്റെയും ആത്മനിർവൃതിയുടെയും മിഥ്യാഭ്രമത്തിൽ പാശ്ചാത്യേതര സമൂഹങ്ങളെ അകപ്പെടുത്താൻ പടിഞ്ഞാറ് ആവിഷ്കരിച്ച തല തെറിച്ച പ്രത്യയശാസ്ത്ര വ്യഖ്യാനങ്ങൾ മാത്രമാണിത്. പാരമ്പര്യരൂപങ്ങൾ, നിരന്തരം നിർമിക്കപ്പെടുകയും പരിവർത്തിക്കപ്പെടുകയും സമൂലം പരിഷ്കരിക്കപ്പെടുകയും ചെയ്യുന്ന ഒരു പ്രക്രിയയിലാണ്. അതാണ് ചരിത്രത്തിന്റെ കഥ. ആധുനികത പ്രൊജക്റ്റ് പൂർത്തീകരിക്കുകയും ഉത്തരാധുനികത എതിരാളികളില്ലാതെ മുന്നേറുകയും ചെയ്യുമ്പോൾ പാശ്ചാത്യേതര ചരിത്രം അവസാനിക്കാനുള്ളതാണ്. മറിച്ച് സംഭവിക്കണമെങ്കിൽ സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക, വ്യവസായിക, പാരിസ്ഥിതിക ഇടപെടലുകൾ പാശ്ചാത്യേതര സമൂഹങ്ങളുടെ സംസ്കാര വീക്ഷണങ്ങൾക്കനുസരിച്ചായിരിക്കണം.

പടിഞ്ഞാറ് താമസിക്കുന്ന മുസ്‌ലിംകൾക്ക് അവരുടെ പാരമ്പര്യങ്ങളെക്കുറിച്ച് പുനർവിചിന്തനത്തിനും പുനരാവിഷ്കാരത്തിനുമുള്ള നല്ലൊരു സന്ദർഭമാണിത്. നമ്മുടെ പാരമ്പര്യങ്ങളെ ജീവിക്കുന്ന സമൂഹത്തിനും കാലത്തിനും ആവശ്യമായ രീതിയിൽ ആവിഷ്കരിച്ച് അർഥപൂർണമാക്കണം. ഒരു പരിധി വരെ വേദനാനിർഭരമായിരിക്കും ഈ പ്രക്രിയ. പക്ഷേ, ഹിംസാത്മകവും നിഷ്ക്രിയവുമായ പാരമ്പര്യരൂപങ്ങളെ കൈവെടിയേണ്ടതുണ്ട്. ഉദാഹരണത്തിന് സ്ത്രീകളെ അടിച്ചമർത്തുന്ന രീതി. ജീവിതത്തെ ആർദ്രമാക്കുന്ന സംസ്കാരത്തിന്റെ വശങ്ങളെ നാം വീണ്ടെടുക്കണം. ഉദാഹരണത്തിന്, പൊതുസ്ഥലങ്ങളിൽ സ്ത്രീകളോട് ബഹുമാനത്തോടും അന്തസ്സോടും കൂടി പെരുമാറുക എന്നത്. വസ്ത്രധാരണം, മുഖസൗന്ദര്യം തുടങ്ങിയ സംസ്കാരത്തിന്റെ തൊലിപ്പുറത്തുള്ള കാര്യങ്ങളോടുള്ള അഭിനിവേശത്തിന് പകരം നാം പ്രചരിപ്പിക്കേണ്ടത് സാമൂഹിക നീതിയും തുല്യതയും പ്രമാണങ്ങളായിക്കാണുന്ന, സാമൂഹിക ജീവിതത്തിനും വികസത്തിനും പ്രാധാന്യം നൽകുന്ന, അറിവിനും അന്വേഷണങ്ങൾക്കും വിമർശനങ്ങൾക്കും, ആത്മവിമർശനങ്ങൾക്കും സംവാദങ്ങൾക്കും ചർച്ചകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള നമ്മുടെ പാരമ്പര്യത്തിന്റെ ആത്മാവിനെയാണ്.

**ജിഹാദി അജണ്ടകളിലേക്കുള്ള യൂറോപ്യൻ മുസ്‌ലിം യുവാക്കളുടെ റാഡിക്കലൈസേഷന് പ്രധാനകാരണം അമേരിക്കയുടെ ഇറാഖ്, അഫ്ഗാനിസ്ഥാൻ അധിനിവേശങ്ങളാണ്. പ്രത്യാക്രമണങ്ങളിലൂടെയല്ലാതെ ഇത്തരം അധിനിവേശങ്ങളെ എങ്ങനെയാണ് ചെറുക്കുക?**

അഫ്ഗാനിസ്താൻ, ഇറാഖ് അധിനിവേശത്തിന് ശേഷം മുസ്‌ലിംകൾക്കിടയിലെ റാഡിക്കലൈസേഷൻ വർദ്ധിച്ചിട്ടുണ്ടെന്നത് വ്യക്തമാണ്. പക്ഷേ ഇതിന് ആഴത്തിലുള്ളതും വിശാലവുമായ വേരുകളുണ്ട്. ഇറാനിയൻ വിപ്ലവത്തിന് ഇതിൽ ഒരു പങ്കുണ്ട്; സൗദി പെട്രോഡോളറിനും. മനസ്സിന്റെ വിശാലതയുടെ വാതിലുകൾ കൊട്ടിയടക്കുന്ന ആചാരനിബദ്ധ നിഷ്ക്രിയ പാരമ്പര്യവും നമ്മുടെ കാലത്ത് തീവ്രവാദം വളരുന്നതിന് കാരണമായിട്ടുണ്ട്. അതിനാൽ പാരമ്പര്യങ്ങളുടെ പുനരാവിഷ്കാരങ്ങൾ എത്രയും വേഗം നടക്കേണ്ടതുണ്ട്.

പ്രത്യാക്രമണത്തിന്റെ നിരർഥകതയെക്കുറിച്ച് സംസാരിക്കുന്നതിന് മുമ്പ് ഫാനണിന്റെ സമകാലികനായ മൊറോക്കോ പണ്ഡിതൻ മലിക് ബിന്നബിയുടെ നിരീക്ഷണങ്ങൾ ചേർത്തുനിർത്തി പറയട്ടെ, രാഷ്ട്രങ്ങൾ വെറുതെ അധിനിവേശപ്പെടുകയല്ല; അവർ തന്നെ സാമ്രാജ്യത്വ കഴുകന്മാരുടെ കൈയിൽ വടി കൊടുത്ത് അധിനിവേശത്തെ ക്ഷണിച്ചുവരുത്തുകയാണ്. കൃത്യമായി പറഞ്ഞാൽ ‘കൊളോണൈസബിലിറ്റി’ എന്നാണ് ഈയൊരു പ്രശ്നത്തെ അദ്ദേഹം വിളിച്ചത്. മാനസികമായും ശാരീരികമായും അധിനിവേശപ്പെട്ട ഒരു രാജ്യത്തെ സംബന്ധിച്ചേടത്തോളം കോളനിവത്കരണം അനിവാര്യതയാണ്. പാരീസിൽ നിന്ന് വിദ്യാഭ്യാസം നേടിയ ഇലക്ട്രിക്കൽ എഞ്ചിനീയറായ ബിന്നബി മൂന്ന് പതിറ്റാണ്ടുകാലം യൂറോപ്പിൽ ചെലവഴിച്ചു. പൊതുധാരണക്ക് വിപരീതമായി കോളനിവത്കരണമൊന്നുമല്ല മുസ്‌ലിംകളുടെ മോശപ്പെട്ട അവസ്ഥക്ക് കാരണമെന്ന് അദ്ദേഹം വാദിക്കുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് മുസ്‌ലിംരാജ്യങ്ങളിൽ രൂപപ്പെട്ട ‘കൊളോണൈസിബിലിറ്റി’ എന്ന പ്രതിഭാസത്തിന്റെ ഫലമായാണ് കോളനിവത്കരണത്തി

ന് മുസ്‌ലിം ലോകം സന്നദ്ധമാവുന്നത്. കീഴടക്കാൻ അസാധ്യമായ ശത്രുവൊന്നുമല്ല യൂറോപ്പ്. ബിന്നബിയുടെ അഭിപ്രായത്തിൽ മുസ്‌ലിം സമൂഹങ്ങളുടെ ദൗർബല്യങ്ങളാണ് കോളനിവത്കരണ ശ്രമങ്ങളെ ചെറുത്തു തോൽപിക്കാൻ തടസ്സം നിൽക്കുന്നത്. എന്റെ അഭിപ്രായത്തിൽ ഇതു തന്നെയാണ് അഫ്ഗാനിസ്താനിലും ഇറാഖിലും സംഭവിക്കുന്നത്. ദുർബലമായ സിവിൽ സമൂഹം, അനൈക്യം, ധാർമിക സദാചാരത്തകർച്ച, മുസ്‌ലിംകൾ തമ്മിൽ നിരന്തരം നടക്കുന്ന അനിയന്ത്രിതമായ യുദ്ധങ്ങൾ. ക്രൂരവും മനുഷ്യത്വ രഹിതവുമായ ഏകാധിപത്യത്തിന് പകരം ജനാധിപത്യത്തിനായാണ് ഇറാഖ് ശ്രമിച്ചിരുന്നതെങ്കിൽ അമേരിക്കക്കും സഖ്യകക്ഷികൾക്കും ഇത്ര എളുപ്പത്തിൽ ഇറാഖിൽ പ്രവേശിക്കാനാവുമായിരുന്നില്ല. അതിനാൽ സ്വന്തം സമൂഹങ്ങളെ പുനരുദ്ധരിക്കുകയെന്നതാണ് നമ്മുടെ പ്രധാന ജോലി, ചെറുത്തുനിൽപ്പിന്റെ ഏറ്റവും ഫലപ്രദമായ വഴിയും ഇത് തന്നെയാണ്.

ആക്രമണത്തിന്റെ കാര്യത്തിലാണ് ഞാൻ ഫാനണുമായി വിയോജിക്കുന്നത്. സാമ്രാജ്യത്വത്തെ ചെറുക്കാൻ പ്രത്യാക്രമണം അനിവാര്യമാണെന്നാണ് ഫാനൻ വിശ്വസിച്ചത്. ഗാന്ധി ഇത് തെറ്റാണെന്ന് തെളിയിച്ചു. ആലോചനാരഹിതമായ അക്രമങ്ങൾ മുസ്‌ലിം സമൂഹങ്ങളുടെ വേദനയും ദുരിതങ്ങളും വർധിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ഇതൊന്നു നോക്കൂ, ഇറാഖിലും അഫ്ഗാനിസ്താനിലും നടക്കുന്ന ക്രൂരവും മൃഗീയവുമായ അക്രമങ്ങൾ മുസ്‌ലിംകൾ തമ്മിലല്ലേ? ഇറാഖിലെ ശിയ-സുന്നി അക്രമങ്ങളെക്കുറിച്ച് ചിന്തിച്ച് നോക്കൂ, പാക്കിസ്താനിലും ഇറാഖിലും നടക്കുന്ന ആത്മഹത്യ കൊലപാതകങ്ങളിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന നിഷ്കളങ്കരായ ജനങ്ങൾ നിഷ്ഠുരമായി കൊല്ലപ്പെടുന്നു. അക്രമങ്ങൾ അക്രമങ്ങളെ മാത്രമേ ഗർഭം ധരിക്കുന്നുള്ളൂ.

**നമുക്ക് എന്താണ് ചെയ്യാൻ കഴിയുക?**

സുശക്തമായ സിവിൽ സമൂഹവും, സുതാര്യവും ഉത്തരവാദിത്വവുമുള്ള സർക്കാറുകളും ഈ രാജ്യങ്ങളിൽ ഉണ്ടാക്കിയെടുക്കുകയാണ് നാം പ്രധാനമായും ചെയ്യേണ്ടത്. ജനങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും നിർവഹിച്ചുകൊടുക്കുന്ന സർക്കാറുകളാണ് യഥാർഥത്തിൽ ഇറാഖിലും അഫ്ഗാനിസ്താനിലും നിലവിൽ വരേണ്ടത്. അധിനിവേശസൈന്യങ്ങളെ ഈ രാജ്യങ്ങളിൽനിന്ന് പിൻവലിക്കാൻ അമേരിക്കയിലും ബ്രിട്ടനിലുമുള്ള മുസ്‌ലിംകൾ തങ്ങളുടെ സർക്കാറുകളിൽ സമ്മർദം ശക്തിപ്പെടുത്തണം. അഫ്ഗാനിസ്താന്റെ കാര്യത്തിൽ 'ന്യൂസ്റ്റേറ്റ്മാനി'ൽ ഞാനെപ്പോഴും എഴുതാറുള്ളതുപോലെ താലിബാനുമായി ചർച്ച നടത്തണം. താലിബാനെ പൂർണമായും ഇല്ലാതെയാക്കാൻ രാജ്യം കീഴടക്കിയതുകൊണ്ട് മാത്രം സാധിക്കില്ല. പ്രതിരോധങ്ങൾ രൂപപ്പെടുത്തേണ്ടത് രാഷ്ട്രീയത്തിലൂടെയാവണം, അല്ലാതെ പ്രത്യാക്രമണങ്ങളിലൂടെയാവരുത്.

**'പൗരാണിക സൂഫിസ'വും (Historical Sufism) 'സമകാലിക സൂഫിസ'വും (Contemporary Sufism) തമ്മിൽ വ്യക്തമായ അന്തരമുണ്ടെന്ന് താങ്കൾ അഭിപ്രായപ്പെടുന്നു. വിശദീകരിക്കാമോ?**

സൂഫിസം ഇസ്‌ലാമിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണെന്ന് പറഞ്ഞുകൊണ്ട് തുടങ്ങട്ടെ; നമ്മുടെ ചരിത്രത്തിൽ മഹത്തായ ഇടം സൂഫിസത്തിനുണ്ട്. ഇഖ്ബാൽ ഒരു സൂഫിയായിരുന്നു, ഒരുപക്ഷേ, ഇരുപതാം നൂറ്റാണ്ടിലെ മഹാനായ സൂഫി. സൂഫിസം ഒരലങ്കാരമായി കൊണ്ടുനടക്കാത്തതിനാൽ സൂഫിയായി ഇഖ്ബാൽ അംഗീകരിക്കപ്പെട്ടില്ല. പൗരാണിക സൂഫിസത്തിന്റെ ആഴത്തിലുള്ള വേരുകൾ ജീവിതവിശാലതയിലാണ് ഊന്നിയിരിക്കുന്നത്. ഇസ്‌ലാം വ്യാപകമായി പ്രചരിക്കുന്നതിന് പഠനവും മനനവും മുഖ്യകാരണങ്ങളായിരുന്നു. സാമൂഹ്യനീതി സൂഫികളെ അസ്വസ്ഥപ്പെടുത്തിയിരുന്ന വിഷയം തന്നെയായിരുന്നു. അതുകൊണ്ടായിരുന്നു ഷാ വലിയുല്ലാഹി, ഉസ്മാൻ ദാൻ ഫാദിയോ തുടങ്ങിയ മഹാന്മാരായ സൂഫികൾക്ക് സാമ്രാജ്യത്വത്തിനെതിരെ ആയുധമെടുക്കേണ്ടി വന്നത്. ജനങ്ങളുടെ വിദ്യാഭ്യാസവും സാമൂഹികക്ഷേമവും പ്രധാന ഊന്നലുകളായിരുന്നതുകൊണ്ടാണ് സൂഫികളായ നിസാമുദ്ദീൻ ഔലിയക്കും ദാത്താ ഗഞ്ച് ബക്ഷി (Dutta Gunj Buk)നും ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാം വിജയകരമായി പ്രചരിപ്പിക്കാൻ കഴിഞ്ഞത്.

വർത്തമാനകാല സൂഫിസം ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. സൂഫി ആചാര്യന്മാരോടുള്ള ആരാധന, ഖബ്ർ പൂജ, നിഷ്കളങ്കരായ ജനങ്ങളെ മന്ത്രത്തകിടുകൾകൊണ്ടും മറ്റു വശീകരണ തന്ത്രങ്ങൾ കൊണ്ടും ചൂഷണം ചെയ്യുക എന്നിവയിലധിഷ്ഠിതമായിട്ടുള്ളതാണ് മുസ്‌ലിം ലോകത്തെ ജനകീയ സൂഫിസം. സൂഫിസത്തിന്റെ ആധ്യാത്മിക കേന്ദ്രങ്ങൾ തുർക്കിയിൽ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം ക്ലാസിക്കൽ സൂഫിസം സാമ്രാജ്യത്വ വിരുദ്ധമായിരുന്നെങ്കിൽ പുതിയ കാലത്തെ സൂഫിസം നവയാഥാസ്ഥിതിക അജണ്ടകളെ പിന്താങ്ങുകയാണ് ചെയ്യുന്നത്. വളരെ പെട്ടെന്നാണ് സൂഫിസം ഒരു ഫാഷനായി മാറുകയും തീവ്രവാദികളുടെ 'പരുക്കൻ' ഇസ്‌ലാമിന് പകരമുള്ള മൃദു ഇസ്‌ലാമിന്റെ പ്രായോജകരാവുകയും ചെയ്തത്. ബ്രിട്ടനിലെ വർത്തമാനകാല സൂഫിസം മുസ്‌ലിം സമൂഹത്തിന്റെ ക്ഷേമ പദ്ധതികൾക്കായല്ല പണിയെടുക്കുന്നത്, പകരം സൂഫി മുസ്‌ലിം കൗൺസിൽ സ്ഥാപിക്കാനുള്ള സർക്കാറിന്റെ അജണ്ടകളെ പിന്താങ്ങുന്ന പ്രവർത്തനങ്ങളിലാണ്.

വർത്തമാനകാല സൂഫിസത്തിനോടുള്ള എന്റെ പ്രധാന വിമർശനം അതിന്റെ സർവാധികാര സ്വഭാവത്തോടാണ്. യാത്രകൾക്കിടയിൽ ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള സൂഫികളെ ഞാൻ പരിചയപ്പെട്ടിട്ടുണ്ട്. ശൈഖിനോട് അവർക്കുള്ളത് പരിപൂർണ സമർപ്പണവും സമ്പൂർണ അനുസരണവുമാണ്. ഒരു തരത്തിൽ അർധ ദൈവമാണ് അവർക്കിടയിൽ ശൈഖ്. ആരോഗ്യകരവും ഊർജസ്വലവുമായ സമൂഹം അനുശാസിക്കുന്ന ഗുണങ്ങളല്ല ഇതല്ലാം.

**ജ്ഞാനോദയ (എൻലൈറ്റ്മെന്റ്) മൂല്യങ്ങൾ അല്ലെങ്കിൽ അതിന്റേതെന്ന് പറയപ്പെടുന്നവ ഇസ്‌ലാമുമായി ഒത്തുപോവുന്നുണ്ടോ? പല മുസ്‌ലിംകളും അമുസ്‌ലിംകളും അങ്ങനെയല്ലെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. എവിടെ നിന്നാണ് ജ്ഞാനോദയ മൂല്യങ്ങൾ കടന്ന് വന്നത്? പെട്ടെന്നൊരു ദിവസം പൊട്ടിമുളക്കുകയായിരുന്നോ അതോ യൂറോപ്പിൽ തന്നെ ഉണ്ടാക്കി വെച്ചിരുന്നതാണോ? അതോ മറ്റുവല്ല ഉത്ഭവസ്ഥാനവുമുണ്ടെങ്കിൽ അതെവിടെയാണ്?**

ചില ചോദ്യങ്ങൾ നമുക്ക് ചോദിക്കേണ്ടതുണ്ട്. എവിടെ നിന്നാണ് ഈ ജ്ഞാനോദയ മൂല്യങ്ങൾ കടന്നു വന്നത്? അത് യൂറോപ്പിൽ നിന്ന് മാത്രമാണോ ഉയർന്ന് വന്നിട്ടുള്ളത്? അല്ലെങ്കിൽ അതിന് മറ്റ് ഉറവിടങ്ങളുണ്ടോ? യൂറോപ്പ് ഗ്രീസിനെക്കുറിച്ചറിയുന്നത് ഇസ്‌ലാമിലൂടെയാണ്. യഥാർഥത്തിൽ ഇസ്‌ലാം ഗ്രീക്ക് സംസ്കാരത്തെ യൂറോപ്പിന് പരിചയപ്പെടുത്തിക്കൊടുക്കുകയായിരുന്നു. ഇസ്‌ലാമില്ലായിരുന്നെങ്കിൽ യൂറോപ്പിന് അതിന്റെ ഗ്രീക്ക് വേരുകൾ നിർമിച്ചെടുക്കാൻ സാ

ധിക്കുമായിരുന്നില്ല. ഇസ്‌ലാം ഗ്രീക്ക് പാരമ്പര്യത്തെ സംരക്ഷിക്കുക മാത്രമല്ല, നിരവധി മാർഗങ്ങളിലൂടെ അതിനെ വികസിപ്പിക്കുകയും കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. മധ്യകാല യൂറോപ്പിലെ മഹാന്മാരിൽ വളരെ കുറച്ച് ആളുകൾക്ക് മാത്രമാണ് ഗ്രീക്ക് വായിക്കാൻ അറിയുമായിരുന്നുള്ളൂ, അതിനാൽ അവർ വായിച്ചത് പ്ലാറ്റോവിനെ ആയിരുന്നില്ല. പ്ലാറ്റോവിനെക്കുറിച്ച് ലാറ്റിനിൽ ഫാറാബി എഴുതിയതായിരുന്നു. അരിസ്റ്റോട്ടിലിനെ ആയിരുന്നില്ല അവർ വായിച്ചിരുന്നത്, മറിച്ച് അരിസ്റ്റോട്ടിലിനെ വിവർത്തനം ചെയ്ത ഇബ്നുസീനയെ ആയിരുന്നു. ഗ്രീക്ക് ടെക്സ്റ്റുകളുടെ വിവർത്തനങ്ങളാണ് എട്ടു മുതൽ പന്ത്രണ്ട് നൂറ്റാണ്ടുവരെയുള്ള മുസ്‌ലിം സംസ്കാരത്തിന്റെ പ്രധാന ഈടുവെപ്പ്. അറബി ഗ്രന്ഥങ്ങളുടെ വിവർത്തനങ്ങളായിരുന്നു പന്ത്രണ്ട് മുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള യൂറോപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട സംസ്കാരിക പരിപാടി. കൊളംബസിനു മുമ്പുള്ള നവോത്ഥാനം ആരംഭിക്കുന്നത് ഇറ്റലിയിൽ നിന്നാണെന്നത് നമ്മെ അത്ഭുതപ്പെടുത്തില്ല. കാരണം, വാണിജ്യപരമായും അതുപോലെ സാംസ്കാരിക മേഖലയിൽ അറബിക് ഗ്രന്ഥങ്ങളുമായും പരമ്പരാഗതമായി തന്നെ ബന്ധം പുലർത്തിയ നഗരമായിരുന്നു ഇറ്റലി.

ഗ്രീക്ക് ചിന്ത മാത്രമായിരുന്നില്ല യൂറോപ്പ് കടം വാങ്ങിയത്, ഇസ്‌ലാമിന്റെ വിജ്ഞാനവും ചിന്തയും കൂടിയായിരുന്നു. ഏഴ് നൂറ്റാണ്ട് ഇസ്‌ലാമും യൂറോപ്പും തമ്മിൽ പങ്കിട്ട ഒരു പൊതുസ്ഥലമുണ്ട്. ഈ പൊതുസ്ഥലത്തിന്റെ അദൃശ്യസ്ഥാനമാണ് യൂറോപ്പിനെ നിർമിക്കുന്നത്.

തുർക്കിയുടെ ഗ്രീക്ക് ആക്രമണങ്ങളും അതിനെ തുടർന്ന കോൺസ്റ്റാന്റിനോപ്പിളിന്റെ പതനവും ധാരാളം ഗ്രീക്ക് കൈയെഴുത്തു പ്രതികൾ യൂറോപ്പിലേക്കൊഴുകാൻ കാരണമായി. യൂറോപ്യൻ നാഗരികതയും ക്ലാസിസവും ഒരു 'ഫീനിക്സ്' പക്ഷിയെപ്പോലെ ശൂന്യതയിൽ നിന്ന് ഉയർത്തെഴുന്നേൽക്കുകയായിരുന്നു. ഇത് നവോത്ഥാനത്തിന് പ്രോത്സാഹനമായി. ക്ലാസിക് കൃതികൾ ഒരിക്കൽ കൂടി യൂറോപ്പിന്റെ ഗ്രീക്ക് വേരുകൾ കണ്ടെത്താൻ സഹായിച്ചു. ആധുനികതയുടെ ആവിർഭാവത്തിനും അതുവരെ ലോകത്തിന് അപരിചിതമായ ഭൂവിഭാഗങ്ങൾ കണ്ടെത്താനും ഇതിനെത്തുടർന്ന് കഴിഞ്ഞു. ഇതിലെല്ലാം ഉപരിയായി റോമൻ വംശപരമ്പരയിൽ അന്തർലീനമായ ലോകത്തെ മറ്റുഭാഗങ്ങളെ തങ്ങളുടെ അധീനത്തിലാക്കുകയെന്ന നിയോഗവും യൂറോപ്പിന് ലഭിച്ചു. ഈ ചരിത്രനിർമിതിയിലെ ഒരു കാര്യം എന്തായാലും സത്യമാണ്; റോമിനെ നശിപ്പിച്ച കവർച്ചക്കാരായ അപരിഷ്കൃതർ ലോകത്തോട് വലിയൊരു ദ്രോഹമാണ് ചെയ്തതെന്ന വസ്തുത. നാശത്തിൽ നിന്ന് രക്ഷപ്പെട്ട മുഴുവൻ ഗ്രന്ഥങ്ങളെയും റോമൻ ചർച്ച് അധീനതയിലാക്കി. Hereford കത്തീഡ്രലിൽ ഇപ്പോഴും കാണാവുന്നത് പോലെ അറിവുകൾ ഒരു ഫാഷനെന്ന പോലെ സന്യാസിമഠങ്ങളിൽ ചങ്ങലപ്പൂട്ടുകളിലായി. ഏറ്റവുമധികം പുസ്തകങ്ങളുള്ള സന്യാസിമഠങ്ങളിൽ പോലും അഞ്ഞൂറിലധികം പുസ്തകങ്ങൾ മാത്രമാണുണ്ടായിരുന്നത്. അതിലധികവും ദൈവശാസ്ത്ര പുസ്തകങ്ങളായിരുന്നു. ഉണ്ടായിരുന്ന ചുരുക്കം അമൂല്യ പുസ്തകങ്ങളാകട്ടെ പൗരാണിക കാലത്ത് എഴുതപ്പെട്ടതുമായിരുന്നു.

യൂറോപ്പിൽ നിന്ന് വ്യത്യസ്തമായി, മുസ്‌ലിം ലോകത്ത് കവലകളിലും നഗരങ്ങളിലുമുണ്ടായിരുന്ന വായനശാലകൾ ആർക്കും ഉപയോഗപ്പെടുത്താവുന്നതായിരുന്നു. കൂടാതെ അക്കാലത്തെ ലോകനാഗരികതയുടെ ഭാഷയായിരുന്ന അറബിയിലേക്ക് ക്ലാസിക്കൽ ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യാൻ സാമ്പത്തിക സഹായവും ലഭിച്ചിരുന്നു. കൊർദോവയിലെയും ബാഗ്ദാദിലെയും മഹത്തായ ഇസ്‌ലാമിക ലൈബ്രേറികളിൽ 2,50,000 ത്തോളം പുസ്തകങ്ങളുണ്ടായിരുന്നു. ഇന്നത്തെ പുസ്തക പ്രസാധന വ്യവസായത്തോട് കിടപിടിക്കുന്ന തരത്തിലുള്ളതായിരുന്നു അന്ന് പുറത്തിറങ്ങിയ പുസ്തകങ്ങളുടെ എണ്ണം. മാതൃകാപരമായി പ്രവർത്തിക്കുന്ന സർവകലാശാലകളുടെ ശൃംഖല, ഗവേഷണങ്ങൾക്ക് പൊതുഖജനാവിൽ നിന്നുള്ള സഹായം, സാങ്കേതിക ഗവേഷണങ്ങൾക്കും വികസനത്തിനും സ്വകാര്യ നിക്ഷേപം എന്നീ പ്രവർത്തനങ്ങളാണ് പിന്നീടുള്ള പല സുപ്രധാന കണ്ടുപിടുത്തങ്ങൾക്കും വഴിതെളിയിച്ചത്.

ലളിതമായി പറഞ്ഞാൽ യൂറോപ്പ് ഇസ്‌ലാമിക വിദ്യാഭ്യാസത്തിന്റെ സമർഥനായ വിദ്യാർഥിയായിരുന്നു, ഇസ്‌ലാം നല്ലൊരു അധ്യാപകനും. എന്താണ് വിവേകവും യുക്തിയും, അപരിഷ്കൃതത്വവും നാഗരികതയും തമ്മിലുള്ള വ്യത്യാസം, സിവിൽ സമൂഹത്തിന്റെ അടിസ്ഥാന സ്വഭാവ സവിശേഷതകൾ എന്തെല്ലാം- വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടത്തിൽ ഇസ്‌ലാം യൂറോപ്പിനെ പഠിപ്പിച്ച പാഠങ്ങളാണിവയെല്ലാം. തുടർന്ന് വിജ്ഞാനതത്ത്വങ്ങളിലും ഫിലോസഫിയിലും പരിശീലനം നൽകി. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഭാവിയെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു മാതൃക തന്നെ യൂറോപ്പിന് ഇസ്‌ലാം സമർപ്പിച്ചു- യൂണിവേഴ്സിറ്റി. ഘടന, നടത്തിപ്പ് എന്തിന് അതിന്റെ സാങ്കേതിക സംജ്ഞകൾ(Terminology) വരെ ഒന്നൊഴിയാതെ യൂറോപ്പ് പകർത്തി. പ്രായോഗിക പരിപാടികളും പരീക്ഷണാത്മക(Experimental) പദ്ധതികളും ഇവയുടെ ഭാഗമായിരുന്നു. കോപ്പർ നിക്കസിന്റെ 'റെവല്യൂഷൻ' ഇടയാക്കിയത് ഈ പദ്ധതികളായിരുന്നു. 'മാജിക്കും' മെഡിസിനും തമ്മിലുള്ള വ്യത്യാസം യൂറോപ്പിന് ബോധ്യപ്പെട്ടതും ഇക്കാലത്താണ്. ശസ്ത്രക്രിയ ഉപകരണങ്ങൾ നിർമിക്കാനും ആശുപത്രികൾ സ്ഥാപിക്കാനും ഇത് മൂലം കഴിഞ്ഞു. ഇതിനെല്ലാം ഉപരി ഇസ്‌ലാമാണ് യൂറോപ്പിന് ലിബറൽ ഹ്യൂമനിസം നൽകിയത്.

ഇസ്‌ലാമും യൂറോപ്പും തമ്മിലുള്ള വ്യത്യാസം തെളിഞ്ഞു കാണുന്നത് ലിബറൽ ഹ്യൂമനിസത്തിന്റെ കാര്യത്തിലാണ്. ജ്ഞാനോദയ(Enlightment)ത്തിന്റെ ഉൽപന്നമായാണ് ലിബറൽ ഹ്യൂമനിസത്തെ എണ്ണുന്നതെങ്കിലും ക്ലാസിക്കൽ ഇസ്‌ലാമിന്റെ അന്തർധാരകളിലൊന്നായ ഒരു മനുഷ്യന് വേണ്ട പെരുമാറ്റ മര്യാദ (അദബി)യിലാണ് ലിബറൽ ഹ്യൂമനിസത്തിന്റെ വേരുകൾ. സത്യത്തിൽ ജ്ഞാനോദയത്തിന്റേതെന്ന് നാം കരുതുന്ന പല മൂല്യങ്ങളും ഇസ്‌ലാമിന്റേതാണ്. അറിവിനോടും പഠനത്തിനോടുമുള്ള പ്രണയം, നിയമത്തിനു മുന്നിൽ എല്ലാവരും തുല്യർ, ഭരണകൂടത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്വം, അവകാശപാലനങ്ങൾക്കായി ഉടമ്പടികൾ ഉണ്ടാക്കുക- ഇവയെല്ലാം വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളും പ്രവാചക ജീവിതചര്യകളും അടിസ്ഥാനമാക്കി ആദ്യകാല ഇസ്‌ലാമിക ചരിത്രത്തെ രൂപപ്പെടുത്തിയ ഗുണങ്ങളാണ്. മുസ്‌ലിം വീക്ഷണ കോണിൽ നിന്ന് കാര്യങ്ങളെ സമീപിച്ചാൽ യൂറോപ്പിന്റെ ഇരട്ടകാപട്യങ്ങളാണ് പ്രകടമാവുന്നത്: ശാസ്ത്രത്തിലും നാഗരികതയിലും ഇസ്‌ലാമിനുള്ള പങ്ക് ബോധപൂർവം നശിപ്പിക്കുന്നതു കൂടാതെ ഇസ്‌ലാമിന് ഈ മൂല്യങ്ങൾ അന്യമാണെന്നും യൂറോപ്പ് ഇപ്പോൾ അവകാശപ്പെടുന്നു. ■

**വിവ: ഉബൈദുർറഹ്മാൻ**